**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 90** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
| --- | --- |
| ശ്രീ. പി. കെ. ഫിറോസ്<br>ശ്രീ. ഫൈസൽ ബാബു<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ടി. വി. ഇബ്രാഹിം | ശ്രീമതി കെ. എ. തുളസി<br>(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി) |

**(എ)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയവരുടെ ഇടയിൽ തൊഴിൽരഹിതരായവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ ഇടയിലെ തൊഴിലില്ലായ്മ സംബന്ധിച്ച് വകുപ്പ് തലത്തിൽ പ്രത്യേക സർവ്വേ നടത്തിയിട്ടില്ല.

**(ബി)** ഇവർക്ക് സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ പട്ടിക വിഭാഗക്കാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനും സ്വയം സംരഭകത്വം വളർത്തുന്നതിനുമായി വിവിധ നൈപുണ്യ വികസന പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1.ട്രേസ് (Training for Career Excellence -TRACE) പദ്ധതിയുടെ ഭാഗമായി Accredited Engineer, Oversear, Office Management Trainee, Tribal Paramedics, Community Social Worker, ക്ലറിക്കൽ അസിസ്റ്റന്റ്, ലീഗൽ അസിസ്റ്റന്റ്സ്, ജേണലിസം ട്രെയിനി, നഴ്സിംഗ് / പാരാ മെഡിക്കൽ അപ്രന്റ്റിസ് തുടങ്ങിയവ ഉൾപ്പെടെ വിവിധ തൊഴിൽ പരിശീലനങ്ങളിലൂടെ ലഭിക്കുന്ന പ്രവൃത്തി പരിചയം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതുമാണ്.

2. പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

വിവിധ മത്സര പരീക്ഷകൾക്ക് പട്ടിക വിഭാഗം ഉദ്യോഗാർത്ഥികൾക്ക് തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ മുഖേന PSC പരിശീലനം നൽകി വരുന്നു.

3. ലക്ഷ്യ സ്കോളർഷിപ്പ്

തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവനിൽ സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി മുഖേന കേരളത്തിനകത്തും പുറത്തുമുള്ള പ്രധാനപ്പെട്ട സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ ചേർന്ന് പഠിക്കുന്നതിലേക്കായി മുഖേന തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 60 പേർക്ക് ട്യൂഷൻ ഫീസ്, ബുക്ക് കിറ്റ് അലവൻസ്, പ്രതിമാസ സ്റ്റൈപൻറ്, ഹോസ്റ്റൽ ഫീസ് മുതലായ വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

4. സ്വയംതൊഴിൽ പദ്ധതി

5.സ്റ്റാർട്ടപ്പ് ഡ്രീംസ്

6.സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

7.സമൃദ്ധി കേരളം

8.വിദേശ തൊഴിൽ ധനസഹായ പദ്ധതി.

**(സി)** പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പട്ടിക വിഭാഗങ്ങളിൽപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ചുവടെ പറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1,TRACE (Training for Career Excellence)

2.പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

3. ലക്ഷ്യ സ്കോളർഷിപ്പ്

4. സ്വയംതൊഴിൽ പദ്ധതി

5. സ്റ്റാർട്ടപ്പ് ഡ്രീംസ്

6. സ്വാശ്രയ സംഘങ്ങൾക്കും വനിതാ സംഘങ്ങൾക്കും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

7. സമൃദ്ധി കേരളം

8. വിദേശ തൊഴിൽ ധനസഹായ പദ്ധതി.

9.സാമൂഹ്യ പഠനമുറികളിൽ 343 പേരെ ഫെസിലിറ്റേറ്ററായും, 326 പേരെ മെൻ്റർ ടീച്ചർമാരായും നിയമിച്ചിട്ടുണ്ട്.

10. മികച്ച തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികവിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിനായി ഉന്നതി സ്കോളർഷിപ്പ് അനുവദിക്കുന്നു.

11. തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ അവലംബിച്ചുകൊണ്ട് ഏവിയേഷൻ (WINGS പദ്ധതി), ഓട്ടോ മൊബൈൽ, ഡിജിറ്റൽ, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, നിർമ്മാണ മേഖലകളിൽ തൊഴിൽ പരിശീലന പരിപാടികൾ നടപ്പിലാക്കുകയും വിജകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലെയ്സ്മെന്റിലൂടെ ജോലി ഉറപ്പു വരുത്തുവാനും സാധിച്ചിട്ടുണ്ട്.

12. ഗോത്രജീവിക പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പട്ടികവർഗ വിഭാഗത്തിലെ തൊഴിൽ സന്നദ്ധരായ 1170 യുവതിയുവാക്കൾക്കും രണ്ടാംഘട്ടത്തിൽ 840 പേർക്കും നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട വിവിധ പരിശീലനങ്ങൾ നൽകുകയും പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പ്രായോഗിക പരിശീലനം പൂർത്തിയാക്കിയവരെ ഉൾപ്പെടുത്തി ഗ്രൂപ്പുകളായി തിരിച്ച് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം സ്വാശ്രയ സംഘങ്ങൾ വിവിധ ജില്ലകളിലായി രൂപീകരിച്ച് ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയും ചെയ്തിട്ടുണ്ട്.

13. താരതമ്യേന വിദ്യാഭ്യാസ യോഗ്യത കുറഞ്ഞവർക്കായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുറമെ അധിക 100 ദിവസത്തെ തൊഴിൽ നൽകുന്ന കേരള ട്രൈബൽ പ്ലസ് പദ്ധതിയിലൂടെയും ഉപജീവനം ഉറപ്പിക്കുന്നു.

**സെക്ഷൻ ഓഫീസർ**